കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ - യു.ഡി.ക്ലർക്ക് ശ്രീ.പ്രമോദ് പി പിള്ളയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1446/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 09/06/2014

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 17/11/2012, 15/10/2013 തീയതികളിലെ ഇ 3.10503/12 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

കൊച്ചി നഗരസഭയിൽ യു.ഡി.ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പ്രമോദ് പി പിള്ളയ്ക്ക് 01/04/2010 മുതൽ 31/10/2010 വരെയും 31/01/2012 മുതൽ 12/9/2012 വരെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് പരാമർശം പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 14/6/1994 ലെ 36/94/ധന നമ്പർ സർക്കുലറിൽ നിഷ്കർഷിക്കുന്ന വിധത്തിൽ അവധി അപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അവധി അനുവദിക്കുന്ന അധികാരിയായ സർക്കാരിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാലും ശ്രീ.പ്രമോദ് പി പിള്ളയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയ്ക്ക് അർഹതയില്ല. ആയതിനാൽ കൊച്ചി നഗരസഭയിലെ യു.ഡി.ക്ലർക്ക് ശ്രീ.പ്രമോദ് പി പിള്ളയ്ക്ക് 01/04/2010 മുതൽ 31/10/2010 വരെയുള്ള കാലയളവിലും 31/1/2012 മുതൽ 12/9/2012 വരെയുള്ള കാലയളവിലും ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയവയ്ക്ക് കണക്കാക്കുകയില്ലെന്ന വ്യവസ്ഥയിൽ ചട്ടം 88 ഭാഗം 1 കെ.എസ്.ആർ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. റംലത്ത്,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ശ്രീ.പ്രമോദ് പി പിള്ള, യു.ഡി.ക്ലർക്ക് കൊച്ചി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.